ഭരണഭാഷ – മാതൃഭാഷ

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി: 05/08/2021

നം.E1-2557/2021/Try

പ്രേഷകൻ

ട്രഷറി ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: സ്കൂളുകളിൽ DDO യുടെ അഭാവത്തിൽ ബന്ധപ്പെട്ട അധികാരി പൂർണ്ണ അധിക ചുമതല നൽകിയിട്ടുള്ള റെഗുലർ ജീവനക്കാർ സമർപ്പിക്കുന്ന ബില്ലുകൾ പാസ്സാക്കി നൽകുന്നത് – സംബന്ധിച്ച്.

സൂചന :
1. Govt Circular No.42/2019/Fin Dated 07.05.2021
2. Govt Circular No. 59/2021/Fin Dated 23.07.2021.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന രണ്ടിലെ സർക്കാർ സർക്കുലർ തെറ്റായി വ്യാഖ്യാനിച്ച ചാർജ് ഓഫീസർമാർ DDO ചുമതല വഹിക്കുന്ന സ്ഥാപനങ്ങളുടെ ശമ്പള ബില്ലുകൾ ട്രഷറികൾ object ചെയ്യുന്നതായി സർക്കാരിൽ പരാതി ലഭിച്ചിരിക്കുന്നു. സർക്കാർ സർക്കുലറിലെ വിവക്ഷയുടെ കാതൽ aided സ്ഥാപനങ്ങളുടെ DDO-മാർ മാറുമ്പോൾ DDO ചുമതല സ്ഥാപനത്തിലെ ഒരു ഗസറ്റഡ് ഓഫീസർ അല്ലെങ്കിൽ റെഗുലർ തസ്തികയിൽ സ്ഥിരനിയമിതനായ നോൺ ഗസറ്റഡ് ഓഫീസർമാർക്ക് ആയിരിക്കണം നൽകേണ്ടത്. ഈ പറഞ്ഞ തസ്തികയിലുള്ള ജീവനക്കാരില്ലെങ്കിൽ പുതിയ DDO വരുന്നവരെ DDO ചുമതല മേൽ സർക്കുലറിൽ പറയുന്നപോലെ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ വഹിക്കണം. ഒരു കാരണവശാലും DDO ചുമതല കോൺട്രാക്ട്, ദിവസവേതന നിയമനത്തിലുള്ള താൽക്കാലിക ജീവനക്കാർ വഹിക്കാൻ പാടില്ല എന്നാണ്. സ്ഥാപനത്തിലെ പ്രിൻസിപ്പാൾ, ഹെഡ് മാസ്റ്റർ ഇല്ലാത്ത സാഹചര്യത്തിൽ DDO ചുമതല റെഗുലർ കേഡറിലുള്ള സീനിയർ അധ്യാപകൻ വഹിക്കുന്നത് ക്രമപ്രകാരമാണ്. അതിനാൽ ഈ കാരണം പറഞ്ഞു സാലറി ബില്ലുകൾ ട്രഷറികൾ object ചെയ്യാൻ പാടില്ല അത്തരം ബില്ലുകൾ അടിയന്തിരമായി പാസാക്കേണ്ടതാണ്. എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിശ്ചയിക്കപ്പെട്ട

സ്ഥിരം DDO-യുടെ അഭാവത്തിൽ ബന്ധപ്പെട്ട അധികാരി DDO-യുടെ പൂർണ്ണ അധികച്ചുമതല നൽകിയിട്ടുള്ള റെഗുലർ ജീവനക്കാർ സമർപ്പിക്കുന്ന ബില്ലുകൾ പാസ്സാക്കി നൽകാവുന്നതാണ് എന്നുള്ള വിവരം അറിയിക്കുന്നു. കൂടാതെ സൂചന രണ്ടിലെ സർക്കുലറിന്റെ തിയ്യതിക്ക് മുൻപ് ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ ഈ സർക്കുലറിന്റെ വെളിച്ചത്തിൽ യോഗ്യത പരിശോധിക്കാനോ ഒബ്ജക്റ്റ് ചെയ്യാനോ പാടില്ല. അവരുടെ കേസിൽ അത്തരം പരിശോധനകൾ അടുത്തമാസത്തെ ശമ്പളബില്ലിൽ നടത്താവുന്നതാണ്.

ട്രഷറി ഓഫീസർമാർ ഈ സ്പഷ്ടീകരണത്തിന്റെ വെളിച്ചത്തിൽ ട്രഷറിയിൽ പെൻഡിങ്ങുള്ള എയിഡഡ് സ്ഥാപനങ്ങളുടെ എല്ലാ യോഗ്യമായ ശമ്പളബില്ലുകളും ഇന്നുതന്നെ പാസാക്കിനൽകേണ്ടതാണ്.

Signature valid

Digitally signed by
A M JAFAR
Date: 2021.08.06
11:44: IST
Reason: Approved

വിശ്വസ്തതയോടെ

**A M JAFAR**
**DIRECTOR**

Directorate of Treasuries, Krishna buildings, Thycaud.P.O, Thiruvananthapuram, Kerala 695014
www.treasury.kerala.gov.in, Email: keralatreasury@gmail.com
Ph: 0471-2323963,2322712 , FAX:0471-2324229